19. സുനി
20 രാജു
21. ലോഡ് സുനി
22. കുമാർ (മരിച്ചു)
23. ശിശുപാലൻ
24. ശ്രീകണ്ഠൻ.

(ഡി) ഉണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഇല്ല.

അബ്കാരി കോൺട്രാക്ടർമാർ അടയ്ക്കേണ്ട കുടിശ്ശിക

66 (400) ശ്രീ. പാലോട് രവി :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അബ്കാരി കോൺട്രാക്ടർമാർ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട കുടിശ്ശിക തുകയ്ക്കുള്ള പലിശ ഇളവു ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാന ഖജനാവിന് ഭീമമായ നഷ്ടം വരുത്താവുന്ന അത്തരമൊരു തീരുമാനം എടുത്തതിനുള്ള കാരണങ്ങൾ വിശദീകരിക്കാമോ;

(സി) ഇതുമൂലം പലിശയിനത്തിൽ എത്ര തുക ഇളവ് അനുവദിക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) കുടിശ്ശികയായ തുക അബ്കാരികോൺട്രാക്ടർമാരിൽ നിന്നും പിരിച്ചെടുക്കാൻ കഴിയാത്തതിനുള്ള കാരണം വിശദമാക്കുമോ;

(ഇ) ഇക്കാര്യത്തിൽ അബ്കാരി കോൺട്രാക്ടർമാരുമായി അനൗപചാരിക ചർച്ച വല്ലതും നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. 1997 മാർച്ച് മാസം 31-ാം തീയതിവരെയുള്ള കുടിശ്ശികയുടെ പലിശ ഇനത്തിൽ 75% ഇളവ് അനുവദിക്കാൻ തീരുമാനിച്ചിരുന്നു.

(ബി) കുടിശ്ശികയിനത്തിൽ അബ്കാരി കോൺട്രാക്ടർമാരിൽ നിന്നും വൻതുക ലഭിയ്ക്കാനുണ്ടായിരുന്നതിനാലും അത് പിരിഞ്ഞു കിട്ടാൻ കാലതാമസം പല കാരണങ്ങളാൽ ഉണ്ടാകുന്നതിനാലും പലിശയിനത്തിൽ ഇളവ് നൽകിയാൽ പിരിഞ്ഞുകിട്ടാനുള്ള തുകയിൽ നല്ല ശതമാനം പിരിഞ്ഞുകിട്ടും എന്ന് ഉത്തമ ബോദ്ധ്യം വന്നതിനാലുമാണ് ഈ ഇളവ് അനുവദിച്ചത്. ഇത്തരം ഒരു പദ്ധതി സെയിൽടാക്സ് വകുപ്പിൽ 1999-ൽ പലിശയുടെ 60% ഇളവ് അനുവദിച്ച് നടപ്പിലാക്കിയിരുന്നു. കൂടാതെ പല സംസ്ഥാനങ്ങളും ഇത്തരത്തി

LIBRARY ARCHIVES Kerala Legislative Assembly

ലുള്ള പദ്ധതികൾ കുടിശ്ശികകൾ പരമാവധി പിരിച്ചെടുക്കാനുള്ള ശ്രമങ്ങളുടെ ഭാഗ മായി നടപ്പിലാക്കി വരുന്നു. 2000-2001 ലെ കർണാടകാ സർക്കാരിന്റെ ബഡ്ജറ്റിൽ മുതൽ മുഴുവൻ അടയ്ക്കുന്നവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കിക്കൊടുത്തു കൊണ്ടുള്ള ഒരു പദ്ധതി നടപ്പിലാക്കിയിരുന്നു.

(സി) ഇല്ല.

(ഡി) കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കു ന്നുണ്ട്. എന്നാൽ കാലാകാലങ്ങളിൽ വിവിധ കോടതികൾ അനുവദിക്കുന്ന സ്റ്റേ ഉത്തരവ് കുടിശ്ശികക്കാരുടെ സാമ്പത്തിക പരാധീനത തുടങ്ങിയ കാരണ ങ്ങളാൽ കുടിശ്ശിക തുക പൂർണ്ണമായി പിരിച്ചെടുക്കാൻ കഴിയാറില്ല.

(ഇ) ഇല്ല.

അതിർത്തി കടന്നെത്തിയ ടാങ്കർ ലോറികൾ

67 (401) ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം അതിർത്തി കടന്നെ ത്തുന്ന വാഹനങ്ങളെ സംബന്ധിക്കുന്ന വില്പന നികുതിവകുപ്പിന്റെ ചെക്ക്പോസ്റ്റിലെ നമ്പർ വൺ രജിസ്റ്ററിൽ 68907,68908 എന്നീ നമ്പരുകളിൽ രണ്ട് ടാങ്കർലോറികൾ ആര്യൻകാവ് പാസ്കടന്ന് കേരളത്തിൽ എത്തിയിട്ടുള്ള തായി രേഖയുണ്ടോ;

(ബി) പ്രസ്തുത ക്രമ നമ്പരുകളിൽ എത്തിയ ടാങ്കർ ലോറികളുടെ രജിസ്ട്രേഷൻ നമ്പർ ഏതെല്ലാമായിരുന്നു;

(സി) ഈ ലോറികൾ എവിടെ രജിസ്റ്റർ ചെയ്തവയാണ്;

(ഡി) ഈ ടാങ്കർ ലോറികൾ സ്പിരിറ്റ് കടത്തിക്കൊണ്ടുവന്നവ യാണോ;

(ഇ) എങ്കിൽ ഈ സംസ്ഥാനത്തെ ആവശ്യത്തിനുവേണ്ടിയുള്ള സ്പിരിറ്റായിരുന്നുവോ അതിൽ ഉണ്ടായിരുന്നത്;

(എഫ്) അല്ലാത്തപക്ഷം അത് ഈ സംസ്ഥാനത്തുകൂടി സ്പിരിറ്റ് കയറ്റി മറ്റേതെങ്കിലും സ്ഥലത്തേയ്ക്ക് പോയ ടാങ്കർ ലോറികൾ ആയിരു ന്നുവോ;

(ജി) ആണെങ്കിൽ പ്രസ്തുത ടാങ്കർലോറികളുടെ എക്സിറ്റ് പാസ് നമ്പർ എത്രയായിരുന്നു;

(എച്ച്) ഈ ലോറികളിൽ കൊണ്ടുപോയ സ്പിരിറ്റ് ലക്ഷ്യസ്ഥാനത്തെ ത്തിച്ചശേഷം എക്സിറ്റ് പാസ്സുകൾ ആര്യങ്കാവ് വില്പനനികുതി ചെക്ക്പോ സ്റ്റിൽ തിരിച്ചെത്തിച്ചുവോ;

(ഐ) ഇല്ലാത്തപക്ഷം ഈ ടാങ്കർലോറികൾ അവയിലുണ്ടായിരുന്ന സ്പിരിറ്റ് എവിടെ കൊടുത്തു എന്ന വിവരം അന്വേഷിച്ചുവോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ജെ) ഈ സംസ്ഥാനത്ത് രജിസ്റ്റർചെയ്ത ടാങ്കർ ലോറി ആര്യങ്കാവ് പാസ് വഴി സ്പിരിറ്റുമായി സംസ്ഥാനത്തേക്ക് കടന്നപ്പോൾ അത് സംബന്ധ മായി കൂടുതൽ അന്വേഷണം നടത്താതിരുന്നതെന്തുകൊണ്ടാണ്;

LIBRARY ARCHIVES Kerala Legislative Assembly